# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അടിമാലി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-7/291/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 27/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അടിമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രംസഹിതം)
2) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ഇടുക്കി
3) കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-7/291/22 തീയ്യതി: 27/05/2022

## ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-02-2020 മുതൽ 20-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം. വി. സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി.എസ്.ധനജയൻ,ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. എബി എബ്രഹാം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. വിഷ്ണു പി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ആർ മുരുകേശൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ പ്രവീൺ വാസു | സെക്രട്ടറി | 01-04-2019 | 16-01-2020 |
| ശ്രീ ഹർഷൻ എസ് | സെക്രട്ടറി | 17-01-2020 | 28-01-2020 |
| ശ്രീമതി പി. കെ ശ്യാമള | സെക്രട്ടറി | 29-01-2020 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി സുഹറ സി എച്ച് | സി ഡി പി ഒ -1 | 01-04-2019 | 07-11-2019 |
| ശ്രീമതി ബിന്ദു സി ബി | സി ഡി പി ഒ -1 | 08-11-2019 | 31-03-2020 |
| ശ്രീമതി പിങ്കി കെ അഗസ്റ്റ്യൻ | സി ഡി പി ഒ -2 | 01-04-2019 | 16-07-2019 |
| ശ്രീമതി രമ പി കെ | സി ഡി പി ഒ -2 | 17-07-2019 | 22-07-2019 |
| ശ്രീമതി ഷീല പി വി | സി ഡി പി ഒ -2 | 23-07-2019 | 31-03-2020 |
| ശ്രീ വിജീഷ് എൻ വി | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ഷൈൻ എൻ പി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ ഷാരോൺ ജോർജ്ജ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ പ്രസീദ ബി കെ | സൂപ്രണ്ട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി | 01-04-2019 | 31-03-2020 |
| ശ്രീമതി മഞ്ചു ജോർജ്ജ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 04-07-2019 |
| ശ്രീ സി എൻ ഗിരീഷ് കുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 05-07-2019 | 31-03-2020 |
| ശ്രീ സുജിത് പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ദിലീപ് കുമാർ പി ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 25-07-2019 |
| ശ്രീ നിസാർ എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 26-07-2019 | 31-03-2020 |
| ശ്രീ സുജ എ ഡി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: VISHNU.P.K (Senior Grade Auditor, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-1 |
| 2 | വാർഷിക ധനവിവര പത്രിക<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Eby Abraham (Senior Grade Auditor, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-05-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.S.Dhanajayan (Audit Officer, On 27-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-05-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 11-05-2022) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 27-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 27-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-9 |
| 10 | കെട്ടിട വാടക പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല<br>Written By: VISHNU.P.K (Senior Grade Auditor, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-10 |
| 11 | വനിതാ കേന്ദ്രങ്ങൾ നിർമ്മാണം - നിഷ്ക്രിയ ആസ്തികൾ<br>Written By: T.S.Dhanajayan (Audit Officer, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 1-11 |
| 12 | പദ്ധതിമാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ചുള്ള ചെലവുകൾ<br>Written By: T.S.Dhanajayan (Audit Officer, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-12 |
| 13 | പദ്ധതി രൂപീകരണം പ്രിന്റിംഗ് ജോലികൾക്ക് ക്വട്ടേഷനിൽ അധികരിച്ച് തുക നൽകിയത് - നഷ്ടം ₹3,300/-<br>Written By: Eby Abraham (Senior Grade Auditor, On 03-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-13 |
| 14 | ജനറേറ്റർ വാങ്ങൽ & സ്ഥാപിക്കൽ പൂർണ്ണമായ ഫയലുകൾ ഹാജരാക്കാത്തതിനാൽ തടസ്സം, ₹598260/-<br>Written By: Eby Abraham (Senior Grade Auditor, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-14 |
| 15 | ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾ - പ്രോജക്ട് രൂപീകരിക്കാതെ മരുന്നുകളും ഉപകരണങ്ങളും വാങ്ങിയത് അപാകതകൾ - തടസ്സം ₹1,06,000<br>Written By: Eby Abraham (Senior Grade Auditor, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-15 |
| 16 | മുൻകുറുകൾ ക്രമീകരിക്കാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 04-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 1-16 |
| 17 | വാഹനം വാങ്ങൽ - അധികം തുക നൽകിയത്<br>Written By: Joseph Chacko (Asst. Audit Officer, On 04-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 19-05-2022) | 1-17 |
| 18 | തനത് ഫണ്ട് വൗച്ചറുകൾ - ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്തത്<br>Written By: Joseph Chacko (Asst. Audit Officer, On 04-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 1-18 |

| | | |
|---|---|---|
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പദ്ധതി രൂപീകരണം പ്രിന്റിംഗ് ജോലികൾക്ക് ക്വട്ടേഷനിൽ അധികരിച്ച് തുക നൽകിയത് - നഷ്ടം ₹3,300/-<br>Written By: Eby Abraham (Senior Grade Auditor, On 01-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം<br>Written By: Eby Abraham (Senior Grade Auditor, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Joseph Chacko (Asst. Audit Officer, On 22-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: VISHNU.P.K (Senior Grade Auditor, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: VISHNU.P.K (Senior Grade Auditor, On 24-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 17-05-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: VISHNU.P.K (Senior Grade Auditor, On 26-02-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Eby Abraham (Senior Grade Auditor, On 02-03-2022)<br>Last Updated By: L.K.Sujatha (Computer Assistant, On 27-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

തൻവർഷത്തെ ബജറ്റ് 23.02.2019-ലെ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് പാസാക്കിയിട്ടുണ്ട്. ₹58,74,16,987/- വരവും ₹58,68,31,700/- ചെലവും ₹5,85,287/- മിച്ചവും പ്രതീക്ഷിച്ചിരുന്ന ബജറ്റ് ആണ് അവതരിപ്പിച്ചത്. തൻവർഷത്തെ മുന്നിരിപ്പ് ഉൾപ്പെടുത്താതെയാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ പുതുക്കിയ ബജറ്റും തയ്യാറാക്കിയിട്ടില്ല. വരുംവർഷങ്ങളിലെ ബജറ്റ് തയ്യാറാക്കുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനവിവര പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 22.06.2020 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | | 53004000 | 53004000 | 31394265 | 21609735 |
| വികസന ഫണ്ട് – എസ്. സി. പി. | | 9826000 | 9826000 | 5871157 | 3954843 |
| വികസന ഫണ്ട് – റ്റി. എസ്. പി. | | 6960000 | 6960000 | 4232775 | 2727225 |
| വികസന ഫണ്ട് നോൺ റോഡ് | | 6914000 | 6914000 | 4161626 | 2752374 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എസ്. ജി. എസ്. വൈ. | 156430 | 5389 | 161819 | 161819 | 0 |
| ഐ.എ.വൈ. – ഗ്രാമപഞ്ചായത്ത് വിഹിതം | 10599075 | 406621 | 11005696 | 2291102 | 8714594 |
| ഐ.എ.വൈ. - അഡ്മിനിസ്റ്റേറ്റീവ് എക്സ്പെൻസ് | 45230 | 51293 | 96523 | 96523 | 0 |
| സമ്പൂർണ്ണ ശുചിത്വം | 7121 | 245 | 7366 | 0 | 7366 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സാക്ഷരത | 9997 | 338 | 10335 | 10259 | 76 |
| കേരളോൽസവം | 0 | 60000 | 60000 | 34655 | 25345 |

| | | | | | |
|---|---|---|---|---|---|
| | 0 | 106012 | 106012 | 106012 | 0 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 135 | 123934806 | 72 | 46182514 | 0 | 63 | 53.33 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

63

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് ശതമാനം % |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 15 | 20032740 | 16938259 | 84.55 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 4 | 1 | 5582000 | 175840 | 3.15 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 35 | 50443609 | 16228657 | 32.17 |
| മെഡിക്കൽ ഓഫീസർ - സി. എച്ച്. സി. | 7 | 7 | 6191592 | 2353191 | 38.01 |
| സി. ഡി. പി. ഒ. | 4 | 3 | 26684220 | 1701620 | 6.38 |
| മെഡിക്കൽ ഓഫീസർ - താലൂക്ക് ആശുപത്രി | 7 | 6 | 6894523 | 4139872 | 60.05 |
| പട്ടികജാതി വികസന ഓഫീസർ | 3 | 2 | 4062522 | 2555000 | 62.89 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 793600 | 780000 | 98.29 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 500000 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 1500000 | 810075 | 54.01 |
| | 135 | 73 | 123934806 | 46182514 | 37.26 |

### 1-5 തൊഴിലുറപ്പ് പദ്ധതി

– – ബാധകമല്ല – –

### 1-6 ക്ഷേമ പദ്ധതികൾ

– – ഇല്ല – –

### 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

### 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

2. ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. ബ്ലോക്ക്പഞ്ചായത്ത് മതിയായ രേഖകളില്ലാതെ കേരള പഞ്ചായത്ത് രാജ് ഷെഡ്യൂൾ 4-ൽ ഉൾപ്പെട്ടതിനേക്കാൾ ഉപരിയായി പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു.

4. വൗച്ചറുകൾ ക്രമമായി സൂക്ഷിക്കുന്നതിൽ ഗുരുതരമായ വീഴ്ച സംഭവിച്ചിരിക്കുന്നു.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല. വാങ്ങൽ പ്രക്രിയകളിൽ ആവശ്യമായ കരുതലുകൾ സ്വീകരിക്കുന്നില്ല.

6. ഫ്രണ്ട് ഓഫീസ് പ്രവർത്തനം

ഫ്രണ്ട് ഓഫീസിനായി സംവിധാനങ്ങൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇത് പ്രവർത്തനസജ്ജമാക്കിയിട്ടില്ല.

### 1-9 വാർഷിക കണക്കുകളിലെ അപാകതകൾ

1. എസ്.ജി.എസ്.വൈ.-ക്ക് വേണ്ടി തുടങ്ങിയ അക്കൗണ്ടിൽ ₹1,56,430/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ബാലൻസ്ഷീറ്റിലെ B-4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. ബ്ലോക്ക്പഞ്ചായത്ത് ഐ.എ.വൈ. വായ്പയിനത്തിൽ തുക തിരിച്ചടയ്ക്കാനുണ്ടെങ്കിലും ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. റോഡ്, പാലങ്ങൾ മുതലായ ആസ്തികൾ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്നില്ലായെങ്കിലും കണക്കുകളിൽ ആയവയും അവയ്ക്ക് ബാധകമായ ഡിപ്രീസിയേഷനും ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-10 കെട്ടിട വാടക പൂർണ്ണമായി പിരിച്ചെടുക്കുന്നില്ല

| ക്രമ നം. | കെട്ടിടത്തിന്റെ പേര് | വാടകക്കാരന്റെ പേര് | മാസ വാടക ₹ | കുടിശ്ശികയുള്ള മാസങ്ങൾ | കുടിശ്ശിക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | എല്ലക്കൽ കെട്ടിടം | ഹാർമണി SHG | 1155 | 1/2020 | 1155 | |
| 2 | 20 ഏക്കറിലെ കെട്ടിടം | പ്രാർഥന കുടുംബശ്രീ | 1050 | 04/2019 മുതൽ 03/2020 വരെ | 12600 | വാടക കരാർ ഇല്ല |
| 3 | നായ്ക്കുന്ന് കെട്ടിടം | ഒരുമ SHG | 1050 | 04/2019 മുതൽ 03/2020 വരെ | 12600 | വാടക കരാർ ഇല്ല |
| 4 | പണിക്കൻകുടി കെട്ടിടം | ബിന്ദു സുരേഷ് | 263*10 400*2 | 10/2019 മുതൽ 03/2020 വരെ | 1852 | |
| 5 | കക്കാസിറ്റി വിപണന കേന്ദ്രം | രജിസ്റ്ററിൽ പേര് രേഖപ്പെടുത്തിയിട്ടില്ല | 700 | 01/2020 മുതൽ 03/2020 വരെ | 2100 | 09/2019 മുതൽ വാടകയ്ക്ക് നൽകി |
| | | | | ആകെ | 30307 | |

മേൽ കെട്ടിട വാടകയുടെ കുടിശ്ശിക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കണമെന്ന് കാണിച്ച് നൽകിയ എൻക്വയറി(നം.03/23.02.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക GST, Flood Cess എന്നിവ ഉൾപ്പെടെ പൂർണ്ണമായും പിരിച്ചെടുക്കേണ്ടതുമാണ്.

## 1-11 വനിതാ കേന്ദ്രങ്ങൾ നിർമ്മാണം - നിഷ്ക്രിയ ആസ്തികൾ

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ./തീയതി. 29.01.2018 ഖണ്ഡിക 6.3ൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികൾ സംബന്ധിച്ച് ക്രമനം. 1 മുതൽ 10 വരെ വിശദമായി ഉൾപ്പെടുത്തിയിരിക്കുന്നു. വനിതാകേന്ദ്രം എന്ന പേരിൽ ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിച്ചിരിക്കുന്നു. മേൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5.4.1.(10)ൽ വികസന ഫണ്ടിന്റെ 10% തുക വനിതാഘടക പദ്ധതിക്ക് നൽകണമെന്ന നിർദ്ദേശം പാലിക്കുന്നതിനായി വനിതാകേന്ദ്രങ്ങളെന്ന പേരിൽ കെട്ടിടങ്ങൾ നിർമ്മിച്ച് കൂട്ടുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണം നടത്തി റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം വനിതാ വിപണന കേന്ദ്രങ്ങൾ എന്ന പേരിൽ നിർമ്മിച്ചിരിക്കുന്ന അടിമാലി ബ്ലോക്ക്പഞ്ചായത്തിൽ മാത്രം 11 കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ നിർമ്മിച്ചിരിക്കുന്ന നിഷ്ക്രിയ ആസ്തികൾ സംബന്ധിച്ച് പ്രത്യേക റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കി നൽകിയിട്ടും ഈ കെട്ടിടങ്ങളെ വനിതകൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്താനായിട്ടില്ല എന്നിരിക്കെ, 2019-20 വർഷവും അസി. എഞ്ചിനീയർ ഇതേ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി തുക ചെലവഴിച്ചിരിക്കുന്നു. നിലവിലും ഈ കെട്ടിടങ്ങൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. 2019-20ൽ ചെലവഴിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | പ്രോജക്ട് | ബിൽ നമ്പർ/തീയതി/തുക |
|---|---|---|
| 1 | പെട്ടിമുടി വനിതാകേന്ദ്രം പൂർത്തീകരണം പ്രോജക്ട് നമ്പർ 121/20 | 1910106301090032049/05.04.2019, ₹369989/- |

| | | |
|---|---|---|
| | അടങ്കൽ-₹411680/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | |
| 2 | ചില്ലിത്തോട് വനിതാകേന്ദ്രം പൂർത്തീകരണം<br>പ്രോജക്ട് നമ്പർ 127/20<br>അടങ്കൽ-₹300000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900289188/29.06.2019, ₹242636/- |
| 3 | കുത്തുപാറ വനിതാകേന്ദ്രം പൂർത്തീകരണം<br>പ്രോജക്ട് നമ്പർ 128/20<br>അടങ്കൽ-₹730000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 20101063010900112557/28.04.2020, ₹465149/- |
| 4 | കൊന്നത്തടി എസ്.സി. വനിതാകേന്ദ്രം പൂർത്തീകരണം<br>പ്രോജക്ട് നമ്പർ 118/20<br>അടങ്കൽ - ₹400000/- | 19101063010900038391/05.04.2019, ₹317482/- |
| 5 | കുറത്തിക്കുടി വനിതാകേന്ദ്രം<br>പ്രോജക്ട് നമ്പർ 119/20<br>അടങ്കൽ – ₹1000000/- | 19101063010900030772/05.04.2019, ₹260843/-<br>20101063010900173882/28.04.2020, ₹468846/-<br>20101063010900173882/07.01.2021, ₹81049/-<br>വൗച്ചർ നമ്പർ-22000281/30.03.2021, ₹40611/- |

ഈ കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥയും എന്താവശ്യത്തിന് ഇത് ഉപയോഗപ്പെടുത്തുന്നു എന്ന വിവരവും ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 9/24.02.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇതേ കെട്ടിടങ്ങളിലേയ്ക്കാണ് വീണ്ടും ഫണ്ട് ചെലവഴിച്ച് വിവിധ നിർമ്മാണങ്ങൾ നടത്തിയിരിക്കുന്നത്. ഈ കെട്ടിടങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ചെലവഴിച്ചതിനാൽ ആ വിഭാഗത്തിന് പ്രയോജനം ലഭിക്കുന്ന വിധത്തിലുള്ള ക്രമീകരണങ്ങൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-12 പദ്ധതിമാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ചുള്ള ചെലവുകൾ

കേരള പഞ്ചായത്ത് രാജ് നിയമങ്ങളിലെ 172-ാം വകുപ്പ്, നാലാം പട്ടിക എന്നിവയിൽ ബ്ലോക്ക്പഞ്ചായത്തിന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് വ്യക്തമായി പരാമർശിച്ചിരിക്കുന്നു. ഈ പട്ടികയിലെ ക്രമനമ്പറിലെ VIII പ്രകാരം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഐ.ടി.ഐ. ഒഴികെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പ് ബ്ലോക്ക്പഞ്ചായത്തിന്റെ ചുമതലയല്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയതി. 29.01.2018-ഖണ്ഡിക 7.6(9)ൽ സർക്കാർ ഹൈസ്കൂളിനോട്/ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്നുള്ള എൽ.പി., യു.പി. സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാപഞ്ചായത്തിന്റെ സമ്മതത്തോടെ ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. അതുപോലെ 7.6(10)ൽ ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള എൽ.പി., യു.പി. സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇത്തരം അനുമതിയൊന്നും കൂടാതെ ഏകപക്ഷീയമായി

ബ്ലോക്ക്പഞ്ചായത്ത് എൽ.പി., യു.പി. സ്കൂളുകളുടെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നു. മേൽ നിർദ്ദേശത്തിൽ ഉൾപ്പെടാത്ത ഹൈസ്കൂളുകളുടെ പദ്ധതികൾ വരെ ഏറ്റെടുത്ത് നടപ്പാക്കുന്നു. ഇത്തരത്തിൽ 2019-20-ൽ നടത്തിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | പ്രോജക്ട് | ബിൽ നമ്പർ/തീയതി | തുക (₹) |
|---|---|---|---|
| 1 | മച്ചിപ്ലാവ് ഗവ. യു.പി. സ്കൂൾ ടോയ്ലറ്റ്<br>അടങ്കൽ ₹500000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900454297/16.08.2019 | 451428 |
| 2 | ഇരുമ്പുപാലം-ചില്ലിത്തോട് ഗവ. എൽ.പി. സ്കൂളിൽ ടോയ്ലറ്റ്<br>അടങ്കൽ ₹500000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900290444/29.06.2019 | 435860 |
| 3 | ഗവ. യു. പി. സ്കൂൾ മുക്കുടം<br>അടങ്കൽ ₹350000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900945003/13.12.2019 | 327248 |
| 4 | ദേവിയാർ യു.പി. സ്കൂളിന് ടോയ്ലറ്റ്<br>അടങ്കൽ ₹1000000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900454303/16.08.2019<br>19101063010900289683/29.06.2019 | 262946<br>658290 |
| 5 | കല്ലാർ ഗവ. യു.പി. സ്കൂൾ ടോയ്ലറ്റ്<br>അടങ്കൽ ₹500000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900454308/16.08.2019 | 431833 |
| 6 | തോക്കുപാറ യു.പി. സ്കൂളിന് ടോയ്ലറ്റ് നിർമ്മാണം<br>അടങ്കൽ ₹500000/-<br>(പൊതുവിഭാഗം സാധാരണ വിഹിതം) | 19101063010900337896/12.07.2019 | 467467 |
| | | ആകെ | 2772126 |

ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് ഉണ്ടായ കാരണം വ്യക്തമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം നം. 6/24.02.2022 നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഉചിതമായ അനുമതി കൂടാതെ നടത്തിയ ₹27,72,126/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-13 പദ്ധതി രൂപീകരണം പ്രിന്റിംഗ് ജോലികൾക്ക് ക്വട്ടേഷനിൽ അധികരിച്ച് തുക നൽകിയത് - നഷ്ടം ₹3,300/-

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് (പ്രോജക്ട് നം. 11/20) പ്രകാരമുള്ള തുക ചെലവായിട്ടുള്ളത്.

| | |
|---|---|
| പദ്ധതി & നം. | 11/2019-20, പദ്ധതി രൂപീകരണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹1,50,000/- |
| ചെലവ് | ₹93,240/- |
| ബിൽ നം./തീയതി/തുക | 19101063010500732293/24.10.2019, ₹26400/- |

(പദ്ധതിക്ക് ആകെ ചെലവായ ₹93,240/- പല ബില്ലുകളായിട്ടാണ് മാറിയിട്ടുള്ളത്. പ്രിന്റിംഗ് ജോലികൾക്കും മറ്റൊരു ചെലവിനും നൽകിയ ബിൽ തുകയാണ് ₹26,400/-. ഇതിൽ ₹24,400/- ആണ് പ്രിന്റിംഗ് ജോലികൾക്ക് നൽകിയത്. ₹2,000/- വേറൊരു വ്യക്തിക്ക് ഈ ബില്ലിൽ തന്നെ മറ്റൊരു ചെലവിന് നൽകിയ തുകയാണ്).

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി നം. 11/2019-20 പദ്ധതി രൂപീകരണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ ചില അപാകതകൾ കാണുകയുണ്ടായി. പ്രിന്റിംഗ് ജോലികൾക്ക് മൂന്ന് വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ലഭ്യമായിട്ടുണ്ട്. എന്നാൽ മൂന്നിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, ക്വട്ടേഷൻ കവറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ക്വട്ടേഷൻ പഞ്ചായത്തിൽ സ്വീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രിന്റിംഗ് ജോലികൾക്ക് ₹85,500/- രേഖപ്പെടുത്തിയ ടി. ആർ. സുരേഷ് കുമാർ എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷനാണ് അംഗീകരിച്ചത്. എന്നാൽ ടിയാൾ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയല്ല, 26.12.2018-ലെ ബിൽ നം. 3268 പ്രകാരം ആവശ്യപ്പെട്ടതും ബ്ലോക്ക്പഞ്ചായത്ത് നൽകിയതും.

വിശദ വിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ -

<u>ക്വട്ടേഷൻ പ്രകാരമുള്ള തുക</u>

| | | |
|---|---|---|
| കരട് പദ്ധതി രേഖ | A4 വലിപ്പത്തിൽ 50 പേജ് വരെ, 100 എണ്ണത്തിന് | ₹19,000/-<br>(1 എണ്ണത്തിന് ₹190/-) |
| അന്തിമ പദ്ധതി രേഖ | A4 വലിപ്പത്തിൽ 50 പേജ് വരെ, 100 എണ്ണത്തിന് | ₹23,500/-<br>(1 എണ്ണത്തിന് ₹235/-) |
| വികസന രേഖ | A4 വലിപ്പത്തിൽ 75 പേജ് വരെ, 50 എണ്ണത്തിന് | ₹13,000/-<br>(1എണ്ണത്തിന് ₹260/-) |
| സ്റ്റാറ്റസ് റിപ്പോർട്ട് | A4 വലിപ്പത്തിൽ 200പേജ് വരെ, 50 എണ്ണത്തിന് | ₹17,000/-<br>(1എണ്ണത്തിന് ₹340/-) |

<u>ബിൽ പ്രകാരം നൽകിയ തുക</u>

| ഇനം | നൽകാവുന്ന തുക (₹) | നൽകിയ തുക (₹) | അധികം/കുറവ് നൽകിയത് (₹) |
|---|---|---|---|
| കരട് പദ്ധതി രേഖ | 30*190 = 5700 | 6000 | +300 |
| അന്തിമ പദ്ധതി രേഖ | 40*235= 9400 | 8400 | -1000 |

| | | | |
|---|---|---|---|
| വികസന രേഖ | 10*260 =2600 | 4900 | +2300 |
| സ്റ്റാറ്റസ് റിപ്പോർട്ട് | 10*340 =3400 | 5100 | +1700 |
| | | | +3300 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് (5/24.02.2022) മറുപടി ലഭ്യമാക്കിയില്ല. ഫയലിൽ ക്വട്ടേഷൻ, സ്പെസിഫിക്കേഷൻ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. ക്വട്ടേഷൻ നിരക്കിലും അധികമായി നൽകിയ ₹3,300/- ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-14 ജനറേറ്റർ വാങ്ങൽ & സ്ഥാപിക്കൽ പൂർണ്ണമായ ഫയലുകൾ ഹാജരാക്കാത്തതിനാൽ തടസ്സം, ₹598260/-

ചിത്തിരപുരം സി.എച്ച്.സി.-യിൽ ജനറേറ്റർ വാങ്ങുന്നതിനും ജനറേറ്റർ സ്ഥാപിക്കുന്നതിനും വേണ്ടി തയ്യാറാക്കിയ പദ്ധതികളാണിവ.

എ)

| | |
|---|---|
| പദ്ധതി & നം. | 124(എസ്.ഒ.)/2019-20<br>ചിത്തിരപുരം സി.എച്ച്.സി-യിൽ ജനറേറ്റർ വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചിത്തിരപുരം |
| അടങ്കൽ | ₹3,83,450/- (നോൺ റോഡ്) |
| ചെലവ് | ₹3,83,450/- |
| ബിൽ നം./തീയതി/തുക | 1910106301100004 1209/305.04.2019, ₹83,450/- |

ബി)

| | |
|---|---|
| പദ്ധതി & നം. | 175 /2019-20,<br>ചിത്തിരപുരം സി.എച്ച്.സി-യിൽ ജനറേറ്റർ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., ചിത്തിരപുരം |
| അടങ്കൽ | ₹2,14,810/- (നോൺ റോഡ്) |
| ചെലവ് | ₹2,14,810/- |
| ബിൽ നം./തീയതി/തുക | 191010630110006910 81/16.10.2019, ₹2,14,810/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി., ചിത്തിരപുരം നിർവ്വഹണം നടത്തിയ പദ്ധതി നം. 124(എസ്.ഒ.)/2019-20 & 175/2019-20, ചിത്തിരപുരം സി.എച്ച്.സി.-യിൽ ജനറേറ്റർ സ്ഥാപിക്കൽ എന്നീ പദ്ധതികളുടെ പരിശോധനയ്ക്കായി

ഹാജരാക്കിയിരിക്കുന്ന ഫയലുകൾ അപൂർണ്ണമാണ്. പാലക്കാട്, ഷൊർണ്ണൂർ, ചേർപ്പുളശ്ശേരി, MK DIESELS & ELECTRICALS എന്ന സ്ഥാപനത്തിന്റെ ₹5,15,660/-ന്റെ 29.03.2019-ലെ ഇൻവോയ്സ് നം. 148, അതേ സ്ഥാപനത്തിന്റെ തന്നെ ₹82,600/- 19.05.2019-ലെ ഇൻവോയ്സ് നം. 047, എന്നിവ മാത്രമാണ് ലഭ്യമാക്കിയത്. പൂർണ്ണമായ പദ്ധതി ഫയലുകൾ ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് (11/25.02.22)ന് മറുപടി ലഭ്യമാക്കുകയോ പൂർണ്ണമായ ഫയലുകൾ ലഭ്യമാക്കുകയോ ഉണ്ടായില്ല. അംഗീകരിച്ച പ്രോജക്ട്, ജനറേറ്ററിന്റെ ആവശ്യകതാ നിർണ്ണയം നടത്തിയ രേഖകൾ, എസ്റ്റിമേറ്റ്, ടെണ്ടർ വിവരങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ, നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമങ്ങൾ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഉൾപ്പെട്ട ഫയലുകൾ ഹാജരാക്കാത്തതിനാൽ മേൽ രണ്ട് പദ്ധതികളുടെയും ചെലവ് ₹5,98,260/- (383450 + 214810) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-15 ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾ - പ്രോജക്ട് രൂപീകരിക്കാതെ മരുന്നുകളും ഉപകരണങ്ങളും വാങ്ങിയത് അപാകതകൾ - തടസ്സം ₹1,06,000

ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾക്കായി രൂപീകരിച്ച പദ്ധതിയാണിത്.

| | |
|---|---|
| പദ്ധതി & നം. | 72/2019-20, ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ |
| അടങ്കൽ | ₹8,00,000/- (റോഡിതരം) |
| ചെലവ് | ₹8,00,000/- (റോഡിതരം) |

മെഡിക്കൽ ഓഫീസർ, ചിത്തിരപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ പദ്ധതി നം. 72/2019-20, ചിത്തിരപുരം സി.എച്ച്.സി.-യുടെ ദൈനംദിന ചെലവുകൾ എന്ന പദ്ധതിയുടെ ചെലവിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ക്ലീനിംഗ് ഇനത്തിൽ വിവിധ ബില്ലുകളിലായി പൂങ്കനി എന്ന വ്യക്തിക്ക് 3/19 മുതൽ 01/2020 വരെ കൂലി നൽകിയിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ മറ്റ് നിരവധി ക്ലീനിംഗ് സ്റ്റാഫുകൾ ഉള്ളപ്പോൾ ടി വ്യക്തിയെ നിയമിച്ച് കൂലി നൽകിയത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുന്ന നിയമന രേഖകളോ, അനുബന്ധ രേഖകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ടിയാൾക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നും ശമ്പളമിനത്തിൽ വേറെ തുക നൽകിയിട്ടുണ്ടോ എന്നതും ഫയലിൽ നിന്നും വ്യക്തമല്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം നൽകുന്നു.

| ബിൽ നം./തുക/തീയതി | മാസം | തുക (₹) |
|---|---|---|
| 19101063011000490363/22.08.2019, ₹1,40,568/- | 03/2019 & 4/2019 | 20000 |
| 19101063011000805451/12.11.2019, ₹30,087/- | 10/2019 | 10000 |
| 19101063011000902694/04.12.2019, ₹30,077/- | 11/2019 | 11000 |
| 19101063011001042848/06.01.2020, ₹64,962/- | 12/2019 | 11000 |

| | | |
|---|---|---|
| 19101063011001212860/05.02.2020, ₹22,000/- | 01/2020 | 11000 |
| | ആകെ | 63,000 |

(പദ്ധതി തുകയായ ₹8,00,000/- വിവിധ ബില്ലുകളിലായിട്ടാണ് മാറി നൽകിയിട്ടുള്ളത്. മുകളിലെ പട്ടികയിൽ, 5 ബില്ലുകളിലായി ക്ലീനിംഗ് ഇനത്തിൽ പൂങ്കനി എന്ന വ്യക്തിക്ക് നൽകിയത് കൂടാതെ മറ്റ് ചെലവുകൾക്ക് നൽകിയ തുകകളും ഉൾപ്പെടുന്നു).

2. ഡെന്റൽ വിഭാഗത്തിലെ ഡോക്ടറുടെ സഹായിയായി നിയമിച്ചിരിക്കുന്ന അരുൺ എന്ന വ്യക്തിക്കും ₹10,000/- വീതം പല മാസങ്ങളിൽ നൽകിയിട്ടുണ്ട്. ടിയാന്റെ നിയമന രേഖകൾ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. എന്തടിസ്ഥാനത്തിലാണ് ടിയാനെ നിയമിച്ചത് എന്ന് വ്യക്തമാക്കുന്ന നിയമന രേഖകളോ, അനുബന്ധ രേഖകളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ടിയാൾക്ക് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ നിന്നും ശമ്പളമിനത്തിൽ വേറെ തുക നൽകിയിട്ടുണ്ടോ എന്നതും ഫയലിൽ നിന്നും വ്യക്തമല്ല. തുക നൽകിയതിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം നൽകുന്നു.

| ബിൽ നം./തീയതി/തുക | മാസം | തുക (₹) |
|---|---|---|
| 19101063011000805451/12.11.2019, ₹30087/- | 10/2019 | 10000 |
| 19101063011000902694/04.12.2019, ₹30077/- | 11/2019 | 11000 |
| 19101063011001042848/06.01.2020, ₹64962/- | 12/2019 | 11000 |
| 19101063011001212860/05.02.2020, ₹22000/- | 01/2020 | 11000 |
| | ആകെ | 43,000 |

(പദ്ധതി തുകയായ ₹8,00,000/- വിവിധ ബില്ലുകളിലായിട്ടാണ് മാറി നൽകിയിട്ടുള്ളത്. മുകളിലെ പട്ടികയിൽ, 4 ബില്ലുകളിലായി ഡെന്റൽ വിഭാഗത്തിലെ ഡോക്ടറുടെ സഹായിയായി നിയമിച്ചിരിക്കുന്ന അരുൺ എന്ന വ്യക്തിക്ക് നൽകിയത് കൂടാതെ മറ്റ് ചെലവുകൾക്ക് നൽകിയ തുകകളും ഉൾപ്പെടുന്നു).

നിയമന വിവരങ്ങൾ ഹാജരാക്കാത്തതിനാൽ പൂങ്കനി, അരുൺ എന്നിവർക്ക് നൽകിയ ₹1,06,000/-(63000 + 43000)യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. മെഡിസിൻ അൺലോഡിംഗ് ഇനത്തിൽ വിവിധ ബില്ലുകളിലായി 29/01/2019-ലെ കൂലിയായി ₹287/-, 05/03/2019 & 16/03/2019-ലെ കൂലിയായി ₹151/-, 06/04/2019-ലെ കൂലിയായി ₹427/-, 07/08/2019-ലെ കൂലിയായി ₹287/-, 10/07/2019-ലെ കൂലിയായി ₹1,260/-, 06/12/2019-ലെ കൂലിയായി ₹425/- എന്നിങ്ങനെ നൽകിയതായി കാണുന്നു. എന്നാൽ 2019-20-ൽ മരുന്ന് വാങ്ങിയതിന്റെ ബില്ലുകളോ, രേഖകളോ, പ്രോജക്ടോ എന്ന് കാണുകയുണ്ടായില്ല. ഏത് മരുന്നുകൾ ഇറക്കിയതിന് നൽകിയ തുകയാണിത്, എന്ന് വ്യക്തമാക്കുന്ന അനുബന്ധ രേഖകൾ ഒന്നും തന്നെ

ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4. കൂടാതെ വിവിധ ബില്ലുകളിലായി ഉപകരണങ്ങൾ വാങ്ങിയതിനും തുകകൾ നൽകിയിട്ടുണ്ട്. ഉദാ- ഉപകരണങ്ങൾക്കായി ചെറുതോണി ഗാലക്സി സർജിക്കൽസ് & ഡയഗ്നോസ്റ്റിക്സിസിന് ₹98,310/-, ₹8,139/-, കുമാരനല്ലൂർ ഗ്ലോബൽ ട്രേഡേഴ്സിന് കണ്ണട ഫ്രെയിം, ലെൻസ് എന്നിവയ്ക്കായി ₹14,672/-, തൃശ്ശൂർ സെൻട്രൽ സർജിക്കൽസിന് ₹19,233/-, ₹21,753/- എന്നിങ്ങനെ തുകകൾ നൽകിയിട്ടുണ്ട്. ദിവസേന നൂറ് കണക്കിന് രോഗികൾ രോഗനിവാരണത്തിനും രോഗപരിശോധനയ്ക്കും വരുന്ന ഇത്രയും വലിയ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ പ്രത്യേക പ്രോജക്ട് രൂപീകരിക്കാതെ പതിനായിരക്കണക്കിന് രൂപയുടെ ഉപകരണങ്ങൾ ദൈനംദിന ചെലവുകളിൽ ഉൾപ്പെടുത്തി വാങ്ങാനിടയായ സാഹചര്യം ദുരൂഹമാണ്. ക്വട്ടേഷൻ നടപടികൾ ഒഴിവാക്കുവാൻ പല വാങ്ങലുകളും ചെറിയ തുകകളുടേതാണ് എന്നതും ശ്രദ്ധേയമാണ്. അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് (13,28.02.22)-ന് മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങൾ വാങ്ങുന്നതിന് അടുത്ത സാമ്പത്തിക വർഷം മുതൽ പ്രത്യേക പ്രോജക്ട് രൂപീകരിച്ച് വാങ്ങൽ നടപടികൾ സുതാര്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-16 മുൻകൂറുകൾ ക്രമീകരിക്കാത്തത്

ഓഡിറ്റ് വർഷം നൽകിയിട്ടുള്ള താഴെപ്പറയുന്ന മുൻകൂർ തുകകൾ ക്രമീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം./തീയതി | തുക നൽകിയത് | തുക (₹) |
|---|---|---|---|
| 1 | വൗച്ചർ നം. 21900202, 29-08-2019 | കമ്പയിൻ ഓട്ടോമൊബൈൽ | 75809.00 |
| 2 | 21900281, 29-11-2019 | കമ്പയിൻ ഓട്ടോമൊബൈൽ | 16649.00 |
| 3 | 21900388, 30-12-2019 | നീതു ജോസഫ്, ഡേറ്റാ എൻട്രി ഓപ്പറേറ്റർ | 15540.00 |
| 4 | 22000026, 30-04-2020 | ഒയാസിസ് കേറ്ററേഴ്സ്, അടിമാലി | 27200.00 |
| 5 | 22000093, 21-08-2020 | സ്റ്റാഫ്, കെ.എസ്.ഇ.ബി., ചിത്തിരപുരം | 84200.00 |
| 6 | 22000481, 17-11-2020 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എൻ.ആർ.ഇ.ജി.എ., അടിമാലി | 12450.00 |
| 7 | 22000532, 27-01-2021 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എൻ.ആർ.ഇ.ജി.എ., അടിമാലി | 24605.00 |
| 8 | 22000557, 23-02-2021 | ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, എൻ.ആർ.ഇ.ജി.എ., | 12708.00 |

| | | | |
|---|---|---|---|
| | | അടിമാലി | |
| | ആകെ | | 269161.00 |

പ്രസ്തുത തുകകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമാനുസൃത പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

1-17 വാഹനം വാങ്ങൽ - അധികം തുക നൽകിയത്

വൗച്ചർ നം.21900088, 01.06.2019 പ്രകാരം പുതിയ വാഹനം രജിസ്ട്രേഷൻ ചെയ്യുന്നതിന് RTO, Adimaly-യ്ക്ക് ₹84,430/- നൽകിയിട്ടുണ്ട്. ഇതിൽ ₹3,000/- വാഹനത്തിന് ഫാൻസി നമ്പർ ലഭിക്കുന്നതിനാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/23.02.2022-ന് മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം അനിവാര്യമല്ലാത്ത ചെലവുകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-18 തനത് ഫണ്ട് വൗച്ചറുകൾ - ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്തത്

തനത് ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ ലഭ്യമായിട്ടില്ല.

1. വൗച്ചർ നം. 21900749/14.02.2020 പ്രകാരം പ്രവർത്തനരഹിതമമായിരുന്ന SGSY A/c-ൽ നിന്നും ₹1,61,819/- പിൻവലിച്ച് ട്രഷറിയിൽ ഒടുക്കിയതായി ലെഡ്ജറിൽ കാണുന്നു. തുക ഒടുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. വൗച്ചർ നം. 21900757/12.02.2020 പ്രകാരം ₹22,96,195/- പിൻവലിച്ച് ട്രഷറിയിൽ ഒടുക്കിയതായി ലെഡ്ജറിൽ കാണുന്നു. ഈ ഒടുക്കിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. വൗച്ചർ നം. 21900369/11.12.2019 പ്രകാരം കാക്കാസിറ്റി അംഗൻവാടിപ്പടി, കല്ലാർ-വട്ടയാർ എന്നിവിടങ്ങളിൽ ജല ലഭ്യതയറിയാൻ സർവ്വേ നടത്തുന്നതിന് ഭൂജല വകപ്പിന് ₹3,870/- ഫീസ് ഒടുക്കിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് ഹാജരാക്കിയില്ല.

4. വൗച്ചർ നം.21900178, 13.08.2019 ചെക്ക് നം. 0924449 02.08.2019 പ്രകാരം ₹13,442/- ഇലക്ട്രിസിറ്റി ചാർജിനത്തിൽ KSEB-യ്ക്ക് നൽകിയിട്ടുണ്ട്. ഈ ചെലവിനാധാരമായ അനുബന്ധ രേഖകൾ, (KSEB Bill) ഫയലിൽ ലഭ്യമല്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

5. വാർഷിക ധനകാര്യ പത്രികയിലെ ആർ.പി.-31 പത്രികയിൽ അക്കൗണ്ട് ഹെഡ് 320700403 എന്നതിൽ വില്ലേജ്-പഞ്ചായത്തുകളിൽ നിന്നും പ്രത്യേക പദ്ധതികൾക്കായി ₹60,000/- ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ അക്കൗണ്ട് ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചപ്പോൾ ലൈഫ് മിഷൻ ഫാമിലി മീറ്റ് & അദാലത്ത് എന്ന ആവശ്യത്തിനാണ് തുക ലഭിച്ചതെന്ന് കാണുന്നു. ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയ ഗ്രാമപഞ്ചായത്ത് | വരവ് വെച്ച രസീത് നം./തീയതി | തുക ₹ |
|---|---|---|
| ബൈസൺവാലി ഗ്രാമപഞ്ചായത്ത് | 119080560004/01.01.2020 | 20000 |
| വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത് | 119080900030/20.01.2020 | 20000 |
| കൊന്നത്തടി ഗ്രാമപഞ്ചായത്ത് | 119080900032/20.02.2020 | 20000 |
| | ആകെ | 60000 |

ഈ അക്കൌണ്ടിന്റെ ലെഡ്ജറിൽ വൌച്ചർ നം.41900033/തീ. 30.03.2020 പ്രകാരം ₹60,000/- ചെലവിനത്തിൽ കാണിച്ചിട്ടുണ്ട്. ഇപ്രകാരം ചെലവ് കാണിക്കുവാനുണ്ടായ കാരണം വ്യക്തമായിട്ടില്ല. തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ തുക നൽകിയതിന് ഉപോൽബലകമായ ഉത്തരവുകൾ ലഭ്യമാക്കേണ്ടതാണ്. തുക ചെലവഴിച്ചിട്ടില്ലായെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകി വിവരം അറിയിക്കേണ്ടതാണ്.

6. ചെക്ക് നം.4754658/06.11.2019 (വൌച്ചർ നം.21900317/03.12.2019) പ്രകാരം ₹29,430/- പിൻവലിച്ച് ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകിയിട്ടുണ്ട്. ആയത് ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ ബിൽ നം.PGT/GSTINV/1710/2019/20/11.11.2019 പ്രകാരം ₹13,029/-യുടെ ബിൽ ഫയലിലുണ്ട്. പ്രസ്തുത ബിൽ പ്രകാരം ലഭ്യമായ രജിസ്റ്ററുകളും സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. ₹16,401/-യുടെ സാധനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

7. MNREGA ഭരണ ചെലവുകൾ മുൻകൂറായി നൽകിയതിന്റെയും റീക്കൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന തുകയുടെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. എൻ.ആർ.ഇ.ജി.എ.-യ്ക്ക് മുൻകൂർ നൽകുമ്പോൾ അദർ അഡ്വാൻസ് എന്ന ഹെഡിലാണ് ഉൾപ്പെടുത്തുന്നത്. ഈ ഹെഡിൽ വിവിധ അഡ്വാൻസ് തുകകൾ ഉൾപ്പെട്ടതിനാൽ എൻ.ആർ.ഇ.ജി.എ. തുകകളുടെ വിവരങ്ങൾ കൃത്യമായി ലഭിക്കുന്നില്ല. ആയത് അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ക്രമ നം. 5, 6, 7 എന്നിവയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/28.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മറ്റ് അപാകതകൾ

1. ബിൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

2. ഓരോ വൗച്ചറിനോടൊപ്പം സാംഖ്യ Payment Voucher പ്രിന്റെടുത്ത് സൂക്ഷിക്കുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/24.02.2022-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് രേഖകളും രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി രൂപീകരണം പ്രിന്റിംഗ് ജോലികൾക്ക് ക്വട്ടേഷനിൽ അധികരിച്ച് തുക നൽകിയത് - നഷ്ടം ₹3,300/-

ബ്ലോക്ക്പഞ്ചായത്തിന്റെ 2019-20-ലെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ചെലവുകൾക്കാണ് 11/20 പ്രകാരമുള്ള തുക ചെലവായിട്ടുള്ളത്.

| | |
|---|---|
| പദ്ധതി & നം. | 11/2019-20<br>പദ്ധതി രൂപീകരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| അടങ്കൽ | ₹1,50,000/- |
| ചെലവ് | ₹93,240/- |
| ബിൽ നം./തീയതി/തുക | 19101063010500732293/24.10.2019. ₹26,400/- |

(പദ്ധതിക്ക് ആകെ ചെലവായ ₹93,240/- പല ബില്ലുകളായിട്ടാണ് മാറിയിട്ടുള്ളത്. പ്രിന്റിംഗ് ജോലികൾക്കും മറ്റൊരു ചെലവിനും നൽകിയ ബിൽ തുകയാണ് ₹26,400/-. ഇതിൽ ₹24,400/- ആണ് പ്രിന്റിംഗ് ജോലികൾക്ക് നൽകിയത്. ₹2,000/- വേറൊരു വ്യക്തിക്ക് ഈ ബില്ലിൽ തന്നെ മറ്റൊരു ചെലവിന് നൽകിയ തുകയാണ്).

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി നം. 11/2019-20 പദ്ധതി രൂപീകരണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ ചില അപാകതകൾ കാണുകയുണ്ടായി. പ്രിന്റിംഗ് ജോലികൾക്കു മൂന്ന് വ്യക്തികളിൽ നിന്നും ക്വട്ടേഷൻ ലഭ്യമായിട്ടുണ്ട്. എന്നാൽ മൂന്നിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ക്വട്ടേഷൻ കവറിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ക്വട്ടേഷൻ പഞ്ചായത്തിൽ സ്വീകരിച്ച തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രിന്റിംഗ് ജോലികൾക്ക് ₹85,500/- രേഖപ്പെടുത്തിയ ടി. ആർ. സുരേഷ്കുമാർ എന്ന വ്യക്തി സമർപ്പിച്ച ക്വട്ടേഷനാണ് അംഗീകരിച്ചത്. എന്നാൽ ടിയാൾ ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുകയല്ല 26.12.2018-ലെ ബിൽ നം. 3268 പ്രകാരം ആവശ്യപ്പെട്ടതും ബ്ലോക്ക്പഞ്ചായത്ത് നൽകിയതും.

വിശദ വിവരങ്ങൾ പട്ടിക രൂപത്തിൽ ചുവടെ ചേർക്കുന്നു.

ക്വട്ടേഷൻ പ്രകാരമുള്ള തുക

| | | |
|---|---|---|
| കരട് പദ്ധതി രേഖ | A4 വലിപ്പത്തിൽ 50 പേജ് വരെ, 100 എണ്ണത്തിന് | ₹19,000/- (1 എണ്ണത്തിന് ₹190/-) |
| അന്തിമ പദ്ധതി രേഖ | A4 വലിപ്പത്തിൽ 50 പേജ് വരെ, 100 എണ്ണത്തിന് | ₹23,500/-(1 എണ്ണത്തിന് ₹235/-) |
| വികസന രേഖ | A4 വലിപ്പത്തിൽ 75 പേജ് വരെ, 50 എണ്ണത്തിന് | ₹13,000/- (1 എണ്ണത്തിന് ₹260/-) |
| സ്റ്റാറ്റസ് റിപ്പോർട്ട് | A4 വലിപ്പത്തിൽ 200പേജ് വരെ, 50 എണ്ണത്തിന് | ₹17,000/- (1 എണ്ണത്തിന് ₹340/-) |

ബിൽ പ്രകാരം നൽകിയ തുക

| ഇനം | നൽകാവുന്ന തുക (₹) | നൽകിയ തുക (₹) | അധികം/കുറവ് നൽകിയത് (₹) |
|---|---|---|---|
| കരട് പദ്ധതി രേഖ | 30*190 = 5700/- | 6000/- | +300/- |
| അന്തിമ പദ്ധതി രേഖ | 40*235= 9400/- | 8400/- | -1000/- |
| വികസന രേഖ | 10*260 =2600/- | 4900/- | +2300/- |
| സ്റ്റാറ്റസ് റിപ്പോർട്ട് | 10*340 =3400/- | 5100/- | +1700/- |
| | | | +3300 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പ് (നം.5/24.2.22) മറുപടി ലഭ്യമാക്കിയില്ല. ഫയലിൽ ക്വട്ടേഷൻ, സ്പെസിഫിക്കേഷൻ തുടങ്ങിയവ ലഭ്യമാക്കിയിട്ടില്ല. അധികമായി നൽകിയ ₹3,300/- ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നു തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ധനസഹായം

- - ഇല്ല - -

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- - ഇല്ല - -

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ബ്ലോക്ക്പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ ₹ | പലിശ ₹ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ലഭ്യമല്ല | ലഭ്യമല്ല | 764950 | 0 | 0 | 0 | 764950 |
| ഐ.എ.വൈ. ലോൺ | ലഭ്യമല്ല | ലഭ്യമല്ല | 750000 | 659560 | 659560 | 0 | 750000 |

ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷിക കണക്കുകൾ പ്രകാരമുള്ള തുകകൾ ലോൺ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

## 4-6 സ്ഥിര നിക്ഷേപം

– – ഇല്ല – –

## 4-7 ഓഡിറ്റ് റിക്കവറി

– – ഇല്ല – –

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23, വകുപ്പ് പ്രകാരമുള്ള

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | അനുബന്ധം-7 | നിക്ഷേപ വേല പൂർത്തീകരിച്ചിട്ടില്ല | തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

- - ഇല്ല - -

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ്/ തുക ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | 1997-98 | 22 & 23 | ശ്രീ. ശ്രീധരൻ നായർ സെക്രട്ടറി | LF.28526/ Spl.Cell/ SC2/2000/ 26.07.2002 | 715 | | ഇല്ല | | | | 715 | |
| | 1999-00 | 20 & 21 | ശ്രീ.എം.എ.സുകമാരൻ സെക്രട്ടറി | LF.2644/ Spl.Cell/ SC2/2005/ 02.01.2006 | 10450 | | ഇല്ല | | | | 10450 | |
| | 2000-01 | 2,3,4,6, 9,10,12 | ശ്രീ.ടി.ആർ.രാജശേഖരൻ സെക്രട്ടറി | LF.10638/ Spl.Cell/ SC2/2005/ 05.04.2006 | 31489 | | ഇല്ല | | | | 31489 | |
| | 2000-01 | 8 (PART) | ശ്രീ.എം.സോമനാഥൻ ബി.ഡി.ഒ | LF.10638/ Spl.Cell/ SC2/2005/ 03.07.2006 | 500 | | ഇല്ല | | | | 500 | |
| | 2000-01 | 8 (PART) | ശ്രീ. ടി. ആർ. രാജശേഖരൻ | LF.10638/ Spl.Cell/ | 3500 | | ഇല്ല | | | | 3500 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സെക്രട്ടറി | SC2/2005/ 03.07.2006 | | | | | | | | | |
| | 2001-02 | 4,5,6 | ശ്രീ.ആർ.വിശ്വംഭരൻ അസി. എൻജിനീയർ | LF.4969/ Spl.Cell/ SC2/2006/ 06.11.2006/ 09.02.2007 | 7463 | | ഇല്ല | | | | | 7463 | |
| | 2002-03 | 3-5 & 3-6(PART) | ശ്രീ.ആർ. വിശ്വംഭരൻ അസി. എൻജിനീയർ | LF.6046/ Spl.Cell/ SC2/2006/ 04.05.2007 | 2416 | | ഇല്ല | | | | | 2416 | |
| | 2002-03 | 3-6(PART) | ശ്രീ. കെ. കുമാരസാമി പിള്ളൈ അസി. എൻജിനീയർ | LF.6046/ Spl.Cell/ SC2/2006/ 04.05.2007 | 702 | | ഇല്ല | | | | | 702 | |
| | 2003-04 | 3-7 & 3-8 | ശ്രീ. ജോസഫ് മാത്യൂ സെക്രട്ടറി | LF.9070/ Spl.Cell/ SC2/2009/ 19.10.2010 | 58450 | | ഇല്ല | | | | | 58450 | |
| | 2005-06 | 3-10, 11,12,13, 14,15,16 | ശ്രീ. ജോസഫ് മാത്യൂ സെക്രട്ടറി | LF.9070/ Spl.Cell/ SC2/2006/ 09.09.2009 | 78081 | | ഇല്ല | | | | | 78081 | |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹16603594 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹52500763 |
| ആകെ | ₹69104357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹56445731 |
| നീക്കിയിരിപ്പ് | ₹12658626 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹3300 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹3476386 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 3300 | ശ്രീ. പ്രവീൺ വാസു, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 2772126 | ശ്രീമതി സുജ എ. ഡി.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-14 | 598260 | ഡോ. ഷാരോൺ ജോർജ്ജ് മാമ്മൻ<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചിത്തിരപുരം |
| 1-15 | 106000 | ഡോ. ഷാരോൺ ജോർജ്ജ് മാമ്മൻ<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ചിത്തിരപുരം |
| ആകെ | 3476386 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക ₹ | സർക്കാർ |
|---|---|---|
| - - ഇല്ല - - | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ : | - ഇല്ല - |
|---|---|

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രവീൺ വാസു, സെക്രട്ടറി | സെക്രട്ടറി,<br>അടിമാലി ബ്ലോക്ക്പഞ്ചായത്ത് | ഏറപ്പനാൽ വീട്<br>രാജാക്കാട് പി. ഒ., രാജാക്കാട്<br>ഇടുക്കി |
| ശ്രീമതി സുജ എ. ഡി.<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>അടിമാലി ബ്ലോക്ക്പഞ്ചായത്ത് | മണിയാംപള്ളി വീട്<br>അടിമാലി പി. ഒ.<br>എസ്. എൻ. പടി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1997-98 | എൽ.എഫ്.ഐ 4/179/13/ തീയതി. 02.08.2013 | 11 | 20,22,23,24,25, 26,27,28,29,31,32 |
| 1998-99 | എൽ.എഫ്.ഐ 4/179/13/ തീയതി. 02.08.2013 | 16 | 17(1)(3)(5),19,20,21,22,23, 24,25,26,27,28,29,30,31, |
| 1999-2000 | എൽ.എഫ്.ഐ 4/710/09/ തീയതി. 15.09.2009 | 20 | 15,16,17(1),(2),18,19,20,21,22,23,24, 25,26,27,28,29,30,31,32,34, |
| 2000-01 | എൽ.എഫ്.ഐ 3/455/03/ തീയതി. 15.09.2004 | 12 | 2.1,2.2,2.3,2.4,2.5,2.6,2.7, 2.8,2.9,2.10,2.11,2.12, |
| 2001-02 | എൽ.എഫ്.ഐ 4/617/05/ തീയതി. 06.12.2005 | 10 | 2.1,2.2(a)(b)(c), 2.3,2.4,2.5,2.6,2.7,2.8 |
| 2002-03 | എൽ.എഫ്.ഐ 4/660/05/ തീയതി. 31.12.2005 | 6 | 3.1,3.2,3.3,3.4,3.5,3.6,, |
| 2003-04 | എൽ.എഫ്.ഐ 4/393/05/ തീയതി. 12.12.2005 (AR) | 19 | 3.1,3.2,3.3,3.4,3.5,3.6,3.7,3.8, 3.9,3.10,3.11,3.12,3.13,3.14,3.15, 3.16,3.17,3.18,3.19, |
| 2004-05 | എൽ.എഫ്.ഐ 4/188/08/ തീയതി. 14.10.2008 | 6 | 3.2(1)(2),3.3,3.4,3.5(a)(b) |
| 2005-06 | എൽ.എഫ്.ഐ 4/516/08/ തീയതി. 14.05.2008 (AR) | 13 | 3.1,3.2,3.3,3.4,3.5,3.6,3.7, 3.8,3.9,3.10,3.11,3.12,3.13, |
| 2006-07 | എൽ.എഫ്.ഐ 4/1151/2009/ തീയതി. 08.03.2010/03.04.2010 | 13 | 3.1,3.2,3.3,3.4,3.5,3.6,3.7, 3.8,3.9,3.10,3.11,3.12,3.13, |
| 2007-08 | എൽ.എഫ്.ഐ 4/748/2010/ തീയതി. 19.03.2011 | 9 | 2.1,2.2, 3.3,3.4,3.6,3.7,3.8,3.9,3.10, |
| 2008-09 | എൽ.എഫ്.ഐ-4/402/2012/ തീയതി. 10.05.2012 | 5 | 2.1, 3.1,3.2,3.3,3.8, |
| 2009-10 | എൽ.എഫ്.ഐ-4/411/2012/ തീയതി. 10.05.2012 | 6 | 2.1,2.2, 3.1,3.2,3.3,3.5, |
| 2010-11 | എൽ.എഫ്.ഐ-4/17/2014/ തീയതി. 10.03.2014 | 5 | 3.1,3.2,3.3,3.4,3.5, |

| | | | |
|---|---|---|---|
| 2011-12 & 2012-13 | എൽ.എഫ്.ഐ-11/946/14/ തീയതി. 08.12.2014 | 18 | 3.1,3.2,3.3,3.4,3.5,3.6,3.7,3.8,3.9, 3.10, (2,3,4,5,6,7,8,9,),3.11, |
| 2013-14& 2014-15 | കെ.എസ്.എ.ഐ.ഡി.കെ- 11/130/18, തീയതി. 08.03.2018 | 8 | 3.1,3.2,3.3,3.4,3.5,3.6,3.7,3.8 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ- 11/1684/17, തീയതി. 27.04.2018 | 10 | 2.1, 3.2,3.3,3.4,3.5(1)(2)(3), 3.6(a)(b),3.7 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ- 11/227/18/ തീയതി. 07.05.2018 | 8 | 2.1,2.2,3.1,3.2,3.3,3.5,3.9,3.10, |
| 2017-18 | കെ.എസ്.എ.-ഐ.ഡി.കെ.-11/ 193/2019 തീയതി. 25.03.2019 | 14 | 1-12, 2-1, 2-2, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 4-3, 4-8, 4-9, 4-10 |
| 2018-19 | കെ.എസ്.എ.-ഐ.ഡി.കെ.-11/210 /2020/ തീയതി. 20.03.2020 | 7 | 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്